# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1093 — 10.08.2017-ൽ മറുപടിക്ക്

## ഇ-സ്റ്റാംപിംങ്ങ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഇ-സ്റ്റാംപിംങ്ങ് സമ്പ്രദായം നിലവിലുണ്ടോ; വ്യക്തമാക്കാമോ ; | എ) ഉണ്ട്. 07.04.2017 തീയതിയിലെ 690-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960 ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ, ചട്ടഭേദഗതി വരുത്തിക്കൊണ്ട് (SRO No.182/2017, G.O(P)No.23/2017/TD തീയതി 07.04.2017) സംസ്ഥാനത്ത് ഇ-സ്റ്റാംപിംങ്ങ് സംവിധാനം നടപ്പിലാക്കുകയുണ്ടായി. മേൽ സംവിധാനം അനുസരിച്ച് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാംപിംങ്ങിലൂടെ മാത്രമേ തുക ഒടുക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) പൊതുജനങ്ങൾക്ക് ഇ-സ്റ്റാംപിംങ്ങ് സംബന്ധിച്ച് അവബോധം നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) പത്രമാധ്യമങ്ങൾ, ആകാശവാണി, എഫ്.എം. ചാനലുകൾ മുഖേന പൊതുജനങ്ങൾക്ക് ഇ-സ്റ്റാംപിംങ്ങ് സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരസ്യ പ്രചാരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇ-സ്റ്റാംപിംങ്ങും ഇ-ഡോക്യുമെന്റേഷനും സംബന്ധിച്ച് അക്ഷയ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ ;വ്യക്തമാക്കാമോ ; | സി) ഇ-ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട് പ്രാരംഭഘട്ടത്തിൽ അക്ഷയ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. |
| ഡി) ഇ-സ്റ്റാംപിംങ്ങ്, ഇ-ഡോക്യുമെന്റേഷൻ എന്നിവ സംബന്ധിച്ച പരിശീലനത്തിനായി മാന്വലുകളോ, സി.ഡി. യോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ ? | ഡി) ഇ-സ്റ്റാംപിംങ്ങ്, ഇ-ഡോക്യുമെന്റേഷൻ എന്നീ സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ ഉപയോഗിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in എന്ന വെബ് സൈറ്റിൽ യൂസർ മാന്വൽ ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**